# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1011

10.02.2016-ൽ മറുപടിക്ക്

## ടൂറിസം പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) |
| (എ) ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിന് UDF സർക്കാർ വേണ്ടത്ര ഗൗരവം കാണിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്; | (എ) ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിന് ടൂറിസം വകുപ്പ് പ്രമുഖ പരിഗണനയാണ് നല്കിവരുന്നത്. 2011 മുതൽ 2015 വരെ 6.47 കോടി രൂപ ഉത്തരവാദിത്ത ടൂറിസം പദ്ധതിയ്ക്കായി അനുവദിച്ചിട്ടുണ്ട്. അതിൽ നാളിതുവരെ 5.22 കോടി രൂപ ഈ പദ്ധതിയ്ക്കായി വിനിയോഗിച്ചിട്ടുണ്ട്. |
| (ബി) തദ്ദേശീയരെ ടൂറിസം മേഖലയിൽ പങ്കാളികളാക്കി തദ്ദേശിയമായ വികസനം ഉറപ്പുവരുത്തുന്നതിന് ഈ സർക്കാർ ചെയ്ത കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (ബി) ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട് ഈ പദ്ധതി നടപ്പാക്കുന്ന കേന്ദ്രങ്ങളിൽ തദ്ദേശ സമൂഹത്തിന് തൊഴിലും വരുമാനവും സൃഷ്ടിക്കുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി. വിവിധ ചെറുകിട ഇടത്തര സൂക്ഷ്മ സംരംഭങ്ങളുമായി ബന്ധപ്പെട്ട് ഏകദേശം 3000 കുടുംബങ്ങൾ ഇന്ന് ഗുണഭോക്താക്കളായി പ്രവർത്തിച്ച് വരുന്നു. അതുവഴി 6.73 കോടി രൂപയുടെ വരുമാനം തദ്ദേശീയർക്ക് ലഭ്യമായിട്ടുള്ളതായി സർക്കാർ ഏജൻസികൾ വിലയിരുത്തിയിട്ടുണ്ട്. |
| (സി) ഉത്തരവാദിത്ത ടൂറിസം പദ്ധതിയ്ക്കായി സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ പലതും ലക്ഷ്യം കാണാതിരുന്നത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ? | (സി) സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ ബഡ്ജറ്റ് വിഹിതത്തിനനുസരിച്ച് പ്ലാൻ ചെയ്ത് സമയബന്ധിതമായി നടപ്പാക്കി വരുന്നു. |

Anuradha

**സെക്ഷൻ ഓഫീസർ**